**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5547** | **01.07.2019-ൽ മറുപടിക്ക്**

**വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ടൂറിസം നയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | എ) ഉണ്ട്. |
| ബി) ഇതിന്റെ ഭാഗമായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; | ബി) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണ് "ബാരിയർ ഫ്രീ കേരള ടൂറിസം". 2021-ൽ കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കുക എന്നതാണ് ഇതിലൂടെ ടൂറിസം വകുപ്പ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഒന്നാംഘട്ടത്തിനായി 9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 120 ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഈ പദ്ധതി പ്രാവർത്തികമാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൈവരിയുള്ള റാമ്പ്, ബ്രെയിൽ ലിപിയിലുള്ള ദിശാ സൂചകം, ഭിന്നശേഷി സൗഹൃദ ടോയ് ലറ്റ്, വീൽചെയർ, വാക്കിംഗ് സ്റ്റിക്, ക്രച്ചസുകൾ എന്നിവ ലഭ്യമാക്കുക, ശ്രവണ വഴികാട്ടി, |

തെരഞ്ഞെടുക്കപ്പെട്ട അഞ്ച് ഗസ്റ്റ് ഹൗസുകൾ/ യാത്രി നിവാസുകൾ എന്നിവയിൽ ലിഫ്റ്റുകൾ ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ. ആദ്യഘട്ടത്തിൽ 120 ടൂറിസം ഡെസ്റ്റിനേഷനുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 70 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ 175 റാമ്പുകൾ, 62 ടോയ് ലറ്റുകൾ, 115 വാക്കിംഗ് സ്റ്റിക്കുകൾ, 106 വീൽ ചെയറുകൾ, 807 സൈനേജുകൾ, 108 ക്രച്ചസുകൾ എന്നിവ സജ്ജമാക്കി കഴിഞ്ഞു.

ഭിന്നശേഷി സൗഹൃദ ടൂറിസം പ്രോൽസാഹിപ്പിക്കുക എന്നുള്ളത് ഉത്തരവാദിത്ത ടൂറിസത്തിന്റെ ഒരു പ്രധാന ആശയം കൂടിയാണ്. അതിന്റെ ഭാഗമായി ഭിന്നശേഷി സൗഹൃദ ടൂറിസം പാക്കേജുകൾ ഉത്തര വാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിട്ടുണ്ട്. ഭിന്നശേഷി സൗഹൃദ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗ മായി ഹെൽപിംഗ് ഹാൻഡ്സ് ഓർഗനൈസേഷൻ എന്ന എൻ.ജി.ഒ യുമായി ചേർന്ന് കോവളത്ത് ഇന്റർനാഷണൽ ബാരിയർ ഫ്രീ കൈറ്റ് ഫെസ്റ്റ് നടത്തുകയുണ്ടായി.

| | |
|---|---|
| സി) വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാർക്കായി അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതുവഴി വിദേശത്തു നിന്നുള്ള ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികളെക്കൂടി സംസ്ഥാനത്തേക്ക് ആകർഷിക്കു ന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | സി) പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ